"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിലെ ഡ്രൈവർ ശ്രീ. ഫൈസൽ റ്റി.യുടെ മാതാവിന്റെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.305/2026/AYUSH തീയതി,തിരുവനന്തപുരം, 06-06-2026

---

പരാമർശം:- ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 20/06/2023, 04/03/2025 എന്നീ തീയതികളിലെ DHTVM/1358/2022-A4 നമ്പർ കത്തുകൾ

**ഉത്തരവ്**

ഹോമിയോപ്പതി വകുപ്പിൽ കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിലെ ഡ്രൈവർ ശ്രീ.ഫൈസൽ റ്റി.യുടെ മാതാവിന് 29/03/2022 മുതൽ 04/04/2022 വരെ കോഴിക്കോട് മിംമ്സ് ആശുപത്രിയിൽ നടന്ന ചികിത്സയ്ക്കായി ചെലവായ 4,81,928/- രൂപ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച അപേക്ഷയിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അർഹത കണക്കാക്കി 4,50,722/- രൂപ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും, ടിയാൻ ചികിത്സ തേടിയത് സ്വകാര്യ ആശുപത്രിയിലായതിനാൽ അനുവദനീയമായ തുകയുടെ 80% കണക്കാക്കി അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പ്രസ്തുത അപേക്ഷയും അനുബന്ധരേഖകളും പരാമർശം പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന

ശ്രീ.ഫൈസൽ റ്റി.യുടെ മാതാവിന്റെ ചികിത്സയ്ക്ക് 29/03/2022 മുതൽ 04/04/2022 വരെ കോഴിക്കോട് മിംമ്സ് ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 4,50,722/- രൂപയുടെ 80% ആയ 3,60,578/- രൂപ (മൂന്ന് ലക്ഷത്തി അറുപതിനായിരത്തി അഞ്ഞൂറ്റിയെഴുപത്തിയെട്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1) ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം
   (അസ്സൽ ബില്ലുകളും അനുബന്ധരേഖകളും സഹിതം)
2) ശ്രീ.ഫൈസൽ റ്റി., ജില്ലാ ഹോമിയോ ആശുപത്രി, കോഴിക്കോട്
   (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖേന)
3) ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ),കോഴിക്കോട്
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം
5) ധനകാര്യ (ലോൺസ്) വകുപ്പ്
   (20-05-2026 ലെ No.3297938/Loans-L1/260/2025-FIN നമ്പർ കുറിപ്പ് പ്രകാരം)
6) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7) കരുതൽ ഫയൽ (ഫയൽ നം.AYU-C2/156/2023-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Savithri. N
Date: 08-06-2026 11:29:04

സെക്ഷൻ ഓഫീസർ